**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2761** **14-09-2023 - ൽ മറുപടിയ്ക്ക്**

**മാവൂർ ഗ്വാളിയോർ റയോൺസിന് നൽകിയ സ്ഥലത്ത് സംരംഭം ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മാവൂരിൽ ഗ്വാളിയോർ റയോൺസിന് വിട്ടു നൽകിയ സ്ഥലം ഉപയോഗപ്പെടുത്തി പരിസ്ഥിതി സൗഹൃദ സംരംഭം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | 10.10.2017-ലെ സ.ഉ.(എം.എസ്) 97/2017/ഐ.ഡി ഉത്തരവ് പ്രകാരം മാവൂർ ഗ്വാളിയോർ റയോൺസിന്റെ കൈവശത്തിലുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും, ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനും ഉത്തരവായിരുന്നു. എന്നാൽ ടി സർക്കാർ ഉത്തരവിനെതിരെ മാവൂർ ഗ്വാളിയോർ റയോൺസ് കമ്പനി ബഹു.ഹൈക്കോടതി മുൻപാകെ WP(C)No.33103/2017 ആയി റിട്ട് ഹർജി ഫയൽ ചെയ്യുകയും സ.ഉ.(എം.എസ്) 97/2017/ഐ.ഡി-ൻമേൽ ബഹു.ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തതിനാൽ പ്രസ്തുത ഭൂമി തിരികെ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. നിലവിൽ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ